മണ്ണാർക്കാട് പോളിടെക്നിക് അനുവദിക്കുന്നതിന് നടപടി

73 (2932) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മണ്ണാർക്കാട് ഒരു ഗവൺമെന്റ് പോളിടെക്നിക് അനുവദിക്കുന്നതിന് എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുമില്ലാത്ത മണ്ണാർക്കാട് മേഖലയിൽ ഒരു സർക്കാർ പോളിടെക്നിക് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 2000-2001 അധ്യയന വർഷം എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിക്കുകയാണെങ്കിൽ മാത്രം മണ്ണാർക്കാട് പോളിടെക്നിക് ആരംഭിക്കുന്നതിന് നിർദ്ദേശം ഉണ്ടായിരുന്നു. എന്നാൽ എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിക്കാത്തതിനാൽ പ്രസ്തുത സ്ഥാപനം തുടങ്ങുവാൻ കഴിഞ്ഞില്ല. എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പോളിടെക്നിക് ആരംഭിക്കുന്നതാണ്.

ഷൊർണ്ണൂർ ജൂനിയർ ടെക്നിക്കൽ സ്കൂളിൽ പുതിയ കോഴ്സുകൾ

74 (2933) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ജൂനിയർ ടെക്നിക്കൽ സ്കൂളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ നിർദ്ദേശം ഒന്നും തന്നെ ഇല്ല.

പയ്യന്നൂർ റസിഡൻഷ്യൽ വിമൻസ് പോളിടെക്നിക്കിലെ അദ്ധ്യയന സംവിധാനം

75 (2934) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള പയ്യന്നൂർ റസിഡൻഷ്യൽ വിമൻസ് പോളിടെക്നിക്കിൽ ഏത് രീതിയിലുള്ള അദ്ധ്യയന സംവിധാനമാണ് നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിലുള്ള മറ്റേതെല്ലാം സ്ഥാപനങ്ങളാണ് കേരളത്തിൽ ഉള്ളത് ;

(സി) മൾട്ടി പോയിന്റ് എൻട്രി ആന്റ് ക്രെഡിറ്റ് സിസ്റ്റത്തിൽ വിഭാവനം ചെയ്യുന്നതുപോലെ കൃത്യമായ ഇടവേളകളിൽ പരീക്ഷ നടത്താതതുകൊണ്ട് പയ്യന്നൂർ വിമൻസ് പോളിടെക്നിക്കിലെ വിദ്യാർത്ഥിനികൾക്ക് ഒരു വർഷം നഷ്ടപ്പെടുന്നുവെന്ന പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) ഈ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ റാങ്ക് നിർണ്ണയിക്കാത്തതിനാൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് അർഹിക്കുന്ന അംഗീകാരം കിട്ടുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മേൽ പ്രശ്നങ്ങൾ പരിഗണിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) മൾട്ടി പോയിന്റ് എൻട്രി ആന്റ് ക്രെഡിറ്റ് സിസ്റ്റം രീതിയിലാണ് അവിടെ അധ്യയനം നൽകി വരുന്നത്.

(ബി) നെയ്യാറ്റിൻകര യിലുള്ള ഗവൺമെന്റ് പോളിടെക്നിക്, കോട്ടയ്ക്കൽ വനിതാ പോളിടെക്നിക് എന്നിവിടങ്ങളിലും ഈ രീതിയിലുള്ള അധ്യയനമാണ് നൽകിവരുന്നത്.

(സി) പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിലേയ്ക്ക് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. റാങ്ക് നൽകുന്ന കാര്യത്തിൽ വേണ്ട തീരുമാനം എത്രയും വേഗം എടുക്കുന്നതാണ്.

ട്രേഡ്സ്മാൻ തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത

76 (2935) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, എസ്.എസ്.എൽ.സി. ആയി ഉയർത്തുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യൽ ഏതു വരെയായി ; വ്യക്തമാക്കാമോ ;

(ബി) ട്രെയിഡ് ഇൻസ്ട്രക്ടർ (ഗ്രേഡ്-1)-നെ ഫോർമാൻ പോസ്റ്റിലേക്കുള്ള ഫീഡർ കാറ്റഗറിയായി പരിഗണിക്കണമെന്നുള്ള ഗവൺമെന്റിന്റെ ഉത്തരവ് നടപ്പിലാക്കിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly